ഇതിനെല്ലാം വെള്ളം ലഭിക്കണമെങ്കിൽ, ആ പ്രദേശത്തെ ജനങ്ങൾ വെള്ളം കിട്ടാതെ മരിക്കാത്ത ഒരു സ്ഥിതിവിശേഷം ഉണ്ടാക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രിയും മുഖ്യമന്ത്രിയും ധനകാര്യമന്ത്രിയുമെല്ലാം മുൻകയ്യെടുത്ത് ഈ പ്രോജക്ട് നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ വിനയപൂർവ്വം ആവശ്യപ്പെടുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിൽ കാര്യങ്കോട് പുഴയ്ക്ക് കുറുകെ പാലായി വളവ് എന്ന സ്ഥലത്ത് റഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള ഈ പദ്ധതി ജലസേചന വകുപ്പിന്റെ പരിഗണനയിലുള്ളതാണ്. നീലേശ്വരം മുനിസിപ്പാലിറ്റിയെയും, കല്ലൂർ-ചീമേനി പഞ്ചായത്തിനെയും ബന്ധിപ്പിച്ച് റോഡ് ഗതാഗതം സാധ്യമാക്കുന്നതിനോടൊപ്പം ഉപ്പുവെള്ളം തടയുക, ജലസേചന സൗകര്യം വർദ്ധിപ്പിക്കുക, കുടിവെള്ള പ്രശ്നം പരിഹരിക്കുക, ഭൂഗർഭ ജലനിരപ്പ് നിലനിർത്തുക, ടൂറിസം വികസനത്തിനുവേണ്ട അടിസ്ഥാന സൗകര്യമൊരുക്കുക എന്നിവയും ഈ പദ്ധതികൊണ്ട് വിഭാവനം ചെയ്യുന്നു. കൂടാതെ കണ്ണൂർ ജില്ലയിലെ ഏഴിമല നാവിക അക്കാഡമി, പെരിങ്ങോം സി.ആർ.പി.എഫ്. ക്യാമ്പ് തുടങ്ങിയ കേന്ദ്രസർക്കാർ സ്ഥാപനങ്ങളിലേക്ക് കുടിവെള്ളം എത്തിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. ഈ പദ്ധതിവഴി നീലേശ്വരം മുനിസിപ്പാലിറ്റി കയ്യൂർ-ചീമേനി, ചെറുവത്തൂർ, കരിന്തളം, വെസ്റ്റ് എളേരി, ഈസ്റ്റ് ഏളേരി തുടങ്ങിയ പഞ്ചായത്തുകളിൽ ജലസേചന സൗകര്യം വർദ്ധിപ്പിക്കുകയും, കേരള വാട്ടർ അതോറിറ്റിയുടെ അധീനതയിൽ നടപ്പിലാക്കിവരുന്ന നിരവധി ജലവിതരണ പദ്ധതികൾക്കും, നീലേശ്വരം-കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റികൾക്കും, പഞ്ചായത്ത് കുടിവെള്ള സ്കീമുകൾക്കും വെള്ളം സംഭരിക്കാൻ കഴിയുന്നതുമാണ്. ഈ പദ്ധതിക്ക് 57 കോടി രൂപയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. നബാർഡ് RIDF (XX)-ൽ ഉൾപ്പെടുത്തി അംഗീകാരത്തിന് ഈ വർഷംതന്നെ സമർപ്പിക്കുന്നതാണ്.

10. കരുനാഗപ്പള്ളി താലൂക്കാശുപത്രിയിൽ കാരുണ്യ ഫാർമസി

ശ്രീ. സി. ദിവാകരൻ: സർ, ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിക്ക് നേരിട്ടറിയുന്ന ഒരു വിഷയമാണ്. അദ്ദേഹം കാരുണ്യപൂർവ്വം കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിക്ക് അനുവദിച്ച കാരുണ്യ ഫാർമസിയുടെ പ്രവർത്തനം ഇതുവരെ ആരംഭിച്ചിട്ടില്ല. ഒരു ദിവസം 1500 മുതൽ 2000 രോഗികൾവരെ ചികിത്സ തേടുന്ന കൊല്ലം ജില്ലയിലെ ഏറ്റവും തിരക്കുള്ള ആശുപത്രിയാണ്. അപകടങ്ങളുടെ നടുവിലാണ് ആ ആശുപത്രി. പ്രസ്തുത ആശുപത്രിയുടെ പ്രവർത്തനങ്ങൾക്ക് ഗവൺമെന്റ് പല സഹായങ്ങളും ചെയ്യുന്നുണ്ട്. കാരുണ്യ ഫാർമസി ആരംഭിക്കുമെന്ന് പറഞ്ഞിട്ട് ഏകദേശം ഒരുവർഷംകഴിഞ്ഞു. അതിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങളെല്ലാം ശരിയായി, കെട്ടിടം പൂർത്തിയായി, എല്ലാ കാര്യങ്ങളുമുണ്ടായി. ഇപ്പോഴും രോഗികളെ സ്വകാര്യ മരുന്നുകച്ചവടക്കാരുടെ അടുത്ത് അയയ്ക്കണമെന്ന് ഗവൺമെന്റിന് നിർബന്ധമുണ്ടോയെന്ന സംശയമുണ്ട്. എന്താണ് ഇതിന് അസൗകര്യം? പാവപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

രോഗികളെ സഹായിക്കുന്നതിനായി അങ്ങ് വന്ന് അതിന്റെ പ്രവർത്തനമാരംഭിച്ച് കരുനാഗപ്പള്ളിക്കാരോട് കാരുണ്യം കാണിക്കണം; അതിന്റെ പേരുതന്നെ കാരുണ്യ ഫാർമസിയെന്നാണ്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ആരംഭിക്കുന്നതിനുള്ള കെട്ടിടം പണി പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത ഫാർമസി ആരംഭിക്കുന്നതിന് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ വൈദ്യുതി, വെള്ളം, ലൈസൻസ് മുതലായവ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. അവിടെ ആഗസ്റ്റ് മാസത്തിൽ കാരുണ്യ ഫാർമസി ആരംഭിക്കും. അതിനുവേണ്ട നടപടികൾ പൂർത്തീകരിക്കും.

11. പി.എച്ച്.സി.-യെ താലൂക്ക് ആശുപത്രിയായി ഉയർത്തൽ

ശ്രീ. ബെന്നി ബെഹനാൻ: സർ, എറണാകുളം ജില്ലയുടെ ആസ്ഥാനമായ കാക്കനാട് പ്രവർത്തിച്ചുവരുന്ന പ്രൈമറി ഹെൽത്ത് സെന്റർ ആശുപത്രിയെ താലൂക്കാശുപത്രിയുടെ ലെവലിലേക്ക് ഉയർത്തണമെന്ന ആവശ്യമാണ് ഉന്നയിക്കുന്നത്. സാങ്കേതികത്വമുണ്ടെന്ന് എനിക്കറിയാം. പ്രൈമറി ഹെൽത്ത് സെന്റർ നേരിട്ട് താലൂക്കാശുപത്രി തലത്തിലേക്ക് ഉയർത്താൻ കഴിയുകയില്ല, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്താനേ സാധിക്കുകയുള്ളൂ. പക്ഷെ, ഇത് ജില്ലാ ആസ്ഥാനത്ത് പ്രവർത്തിക്കുന്ന ഒരു ആശുപത്രിയാണ്. ഇന്ന് ജില്ലാ ആസ്ഥാനത്ത് വേറെ ആശുപത്രികളില്ല. എറണാകുളം ജില്ലയുടെ ആസ്ഥാനത്താണ് ഏറ്റവും കൂടുതൽ കൺസ്ട്രക്ഷൻ നടന്നുകൊണ്ടിരിക്കുന്നത്. ഏകദേശം ഇരുപതിനായിരത്തിലധികം സാധാരണ തൊഴിലാളികൾ ആശ്രയിക്കുന്നത് ഈ ആശുപത്രിയെയാണ്. അവിടെ ഇന്ന് വേണ്ടത്ര ഡോക്ടർമാർ ഇല്ല. ആകെ 3 ഡോക്ടർമാരെയാണ് അനുവദിച്ചത്. അതിൽ ഒരു ഡോക്ടറെ അവിടെനിന്നും മാറ്റി, മറ്റു 2 പേരുള്ളത് ഗൈനക്കോളജിസ്റ്റുമാരാണ്. അവിടെ വരുന്ന ആളുകളിൽ ഭൂരിപക്ഷം പേരും പുരുഷന്മാരാണ്. അതേസമയം അവിടെ ഫാർമസിസ്റ്റ് ഇല്ല. അവിടെ എല്ലാ ദിവസവും ഏകദേശം 600-700 ഒ.പി. വരുന്നുണ്ട്. ആശുപത്രിയുടെ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റിനുവേണ്ടി എന്റെ അസറ്റ് ഡെവലപ്മെന്റ് ഫണ്ടിൽനിന്നും ഒരു കോടി രൂപകൊടുത്ത് ഒരു ബ്ലോക്ക് പണിയുന്നുണ്ട്. മുനിസിപ്പാലിറ്റി 50 ലക്ഷം രൂപ മുടക്കി മറ്റൊരു ബ്ലോക്ക് പണിയുന്നുണ്ട്. അങ്ങനെ ഏകദേശം ഒന്നരക്കോടി രൂപ ഇൻഫ്രസ്ട്രക്ചർ ഡെവലപ്മെന്റിനുവേണ്ടി ഞങ്ങൾ കൊടുക്കാൻ തയ്യാറായി. അതുകൊണ്ട് ഏറ്റവും കൂടുതൽ രോഗികൾ വരുന്ന ഈ താലൂക്കാശുപത്രിക്ക് ജില്ലാ ആസ്ഥാനമെന്ന നിലയിൽ ഒരു പ്രത്യേക പരിഗണന കൊടുത്ത്, നിയമത്തിൽ എന്തെങ്കിലും ഒരു സ്പെഷ്യൽ ഓർഡർ കൊടുത്ത് അതിനെ പ്രൈമറി ഹെൽത്ത് സെന്റർ എന്ന നിലയിൽനിന്ന് താലൂക്കാശുപത്രിയുടെ ലെവലിലേക്ക് ഉയർത്തണം.

LIBRARY ARCHIVES Kerala Legislative Assembly